# അച്ചടി വകുപ്പ് ഡയറക്ടറുടെ നടപടിക്രമം

(ഹാജർ : എ. ജയിംസ് രാജ്)

തിരുവനന്തപുരം
നം. 215/2018/ഇ8/ഡിപി തീയതി: 04/02/2020

വിഷയം:- അച്ചടി വകുപ്പ് - ജീവനക്കാര്യം - ഗവൺമെന്റ് പ്രസ്സുകളുടെ സൂപ്രണ്ട് തസ്തികയിലേക്ക് ചാർജ്ജ് ക്രമീകരണം നടത്തി ഉത്തരവ് പുറപ്പെടുവിക്കുന്നു.

പരാമർശം:-

1. തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിലെ എം.സി റീഡിംഗ് വിഭാഗം ഹെഡ് റീഡറുടെ 01/01/2020 ലെ അപേക്ഷ.
2. അഡ്മിനിസ്ട്രേറ്റീവ് ഓഫീസറുടെ 28/01/2020 ലെ 128/20/ഇ1/ഡിപി നമ്പർ ഉത്തരവ്.
3. അച്ചടി വകുപ്പ് ഡയറക്ടറുടെ 30/01/2020 ലെ ഇതേ നമ്പർ കത്ത്.
4. സർക്കാരിന്റെ 03/02/2020 ലെ സ.ഉ.(സാധാ) 206/2020/ഉ.വി.വ നമ്പർ ഉത്തരവ്.

## ഉത്തരവ്

അച്ചടി വകുപ്പ് ഗവൺമെന്റ് പ്രസ്സുകളുടെ സൂപ്രണ്ട് ശ്രീമതി എം.ജി.ഷീല 31/01/2020 ൽ സേവനത്തിൽ നിന്നും വിരമിച്ച സാഹചര്യത്തിൽ പ്രസ്തുത തസ്തികയിൽ ഒരു ഒഴിവ് നിലവിൽ വന്നിട്ടുണ്ട്. ടി തസ്തികയിലേയ്ക്കുള്ള സ്ഥാനക്കയറ്റത്തിനുള്ള ഡി.പി.സി കൂടുന്നതിനുള്ള കാലതാമസം നേരിടുന്ന സാഹചര്യത്തിൽ അച്ചടി വകുപ്പിലെ ഓൺലൈൻ വഴിയുള്ള അസാധാരണ ഗസറ്റ് പ്രസിദ്ധീകരണം ഉൾപ്പെടെയുള്ള സാങ്കേതിക വിഭാഗങ്ങളുടെ പ്രവർത്തനത്തെ സാരമായി ബാധിക്കാതിരിക്കുന്നതിനുവേണ്ടി ഗവൺമെന്റ് പ്രസ്സുകളുടെ സൂപ്രണ്ടിന്റെ പൂർണ്ണ അധിക ചുമതല ഡെപ്യൂട്ടി സൂപ്രണ്ടുമാരുടെ സീനിയോറിറ്റി ലിസ്റ്റിൽ ഉൾപ്പെട്ട സീനിയറായിട്ടുള്ള നാല് ഉദ്യോഗസ്ഥരിൽ അനുയോജ്യനായ ഒരു ഉദ്യോഗസ്ഥനെ അടിയന്തിരമായി ഗവൺമെന്റ് പ്രസ്സുകളുടെ സൂപ്രണ്ടിന്റെ പൂർണ്ണ അധിക ചുമതല നൽകണമെന്ന് കാണിച്ച് പരാമർശം (3) പ്രകാരം സർക്കാരിലേക്ക് കത്ത് അയച്ചിരുന്നു.

മേൽ സാഹചര്യത്തിൽ അച്ചടി വകുപ്പിലെ ഗവൺമെന്റ് പ്രസ്സുകളുടെ സൂപ്രണ്ടിന്റെ തസ്തികയിൽ നിയമനം നടത്തുന്നതുവരെ അച്ചടി വകുപ്പിലെ ഡെപ്യൂട്ടി സൂപ്രണ്ടുമാരുടെ സെലക്ട് ലിസ്റ്റിൽ ഏറ്റവും സീനിയറും നിലവിൽ തിരുവനന്തപുരം ഗവൺമെന്റ് സെൻട്രൽ പ്രസ്സിലെ ഡെപ്യൂട്ടി സൂപ്രണ്ട് (കോൺഫിഡൻഷ്യൽ) ആയ ശ്രീ. വി.എസ്. പ്രദീപിന് കേരള സർവ്വീസ് കെ.എസ്.ആർ ഭാഗം I ചട്ടം 53 (b) യിലെ വ്യവസ്ഥകൾക്ക് വിധേയമായി പരാമർശം (4) ലെ സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ ഗവൺമെന്റ് പ്രസ്സുകളുടെ സൂപ്രണ്ടിന്റെ പൂർണ്ണ അധിക ചുമതല നൽകി ഉത്തരവാകുന്നു.

ഒപ്പ്/-
അച്ചടി വകുപ്പ് ഡയറക്ടർ

ബന്ധപ്പെട്ട വ്യക്തിക്ക്
അക്കൗണ്ടന്റ് ജനറൽ (എ & ഇ), കേരളം, തിരുവനന്തപുരം.
സെക്രട്ടറി, പ്രിന്റിംഗ് & സ്റ്റേഷനറി, ഉന്നത വിദ്യാഭ്യാസ (എച്ച്) വകുപ്പ്, ഗവ. സെക്രട്ടേറിയറ്റ്.
ജില്ലാ ട്രഷറി ഓഫീസർ, ജില്ലാ ട്രഷറി, തിരുവനന്തപുരം.
എല്ലാ ശാഖാകാര്യാലയ മേധാവികൾക്കും.
പകർപ്പ്:- അച്ചടി വകുപ്പ് ഡയറക്ടറുടെ സി.എ/ഗവൺമെന്റ് പ്രസ്സുകളുടെ സൂപ്രണ്ടിന്റെ സി.എ
അഡ്മിനിസ്ട്രേറ്റീവ് ഓഫീസർ/ ഫിനാൻസ് ഓഫീസർ/ലോ (നോഡൽ) ഓഫീസർ/
അസിസ്റ്റന്റ് എക്സിക്യൂട്ടീവ് എഞ്ചിനീയർ/അക്കൗണ്ട്സ് ഓഫീസർ/സീനിയർ സൂപ്രണ്ട്/
പബ്ലിക്കേഷൻ അസിസ്റ്റന്റ്/ജൂനിയർ സൂപ്രണ്ട് ഇI, ഇII, എ I/ ഇ1, എ 5 സീറ്റ്/
വെബ്സൈറ്റ്/ഫയൽ/കരുതൽ ഫയൽ.

ഉത്തരവിൻ പ്രകാരം,

സീനിയർ സൂപ്രണ്ട്

എസ്.കെ. 04/02/2020